ഉത്തരം

(എ) 5 സിൽക്ക് നെയ്ത്ത് കേന്ദ്രങ്ങൾ.

(ബി) 29.47 ലക്ഷം രൂപയുടെ ഉല്പാദനമാണ് നടന്നത്.

(സി) ബോർഡിന്റെ അംഗീകൃത വില്പനശാലകൾ വഴി വിറ്റഴിക്കുന്നു.

(ഡി) സംസ്ഥാന സർക്കാരിന്റെ 10 ശതമാനം സാധാരണ റിബേറ്റും ഉത്സവകാലങ്ങളിൽ കേന്ദ്രസർക്കാരിന്റെ 10 ശതമാനം പ്രത്യേക റിബേറ്റ് ഉൾപ്പെടെ 20 ശതമാനം റിബേറ്റും നൽകിവരുന്നു.

ഖാദി തൊഴിലാളി ക്ഷേമനിധിയിൽ നിന്നും പെൻഷൻ

175 [1895] ശ്രീമതി മേഴ്സി രവി :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി തൊഴിലാളി ക്ഷേമനിധിയിൽ ഇപ്പോൾ എത്ര അംഗങ്ങളുണ്ട് ;

(ബി) ഇപ്പോൾ ഈ നിധിയിൽ നിന്നും എന്തുതുക വീതം പെൻഷൻ നൽകിവരുന്നു ;

(സി) എത്രപേർക്കാണ് ഇപ്പോൾ പെൻഷൻ കൊടുക്കുന്നത് ;

(ഡി) ഈ നിധിയിൽ നിന്നും മറ്റെന്തെല്ലാം ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 11,469 അംഗങ്ങൾ.

(ബി) ഇപ്പോൾ ഈ നിധിയിൽ നിന്നും ഏറ്റവും കുറഞ്ഞ പെൻഷൻ 300 രൂപയും പരമാവധി പെൻഷൻ 700 രൂപയും നൽകിവരുന്നു.

(സി) 2005 ഫെബ്രുവരി മാസം 172 പേർക്ക് പെൻഷൻ നൽകി.

(ഡി) ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികൾക്ക് ഒരു സാമ്പത്തിക വർഷം വൈദ്യസഹായമായി 750 രൂപയും, സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി 750 രൂപയും നിധിയിലെ അംഗങ്ങളുടെ മക്കൾക്ക് എസ്.എസ്.എൽ.സി. കഴിഞ്ഞുള്ള തുടർവിദ്യാഭ്യാസത്തിന് ഒരുവർഷം 500 രൂപയും എഞ്ചിനീയറിംഗ്, മെഡിക്കൽ, വെറ്റിനറി, അഗ്രിക്കൾച്ചർ തുടങ്ങിയ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 3000

LIBRARY ARCHIVES Kerala Legislative Assembly

രൂപയും ആനുകൂല്യമായി നൽകുന്നു. നിധിയിലെ ഒരംഗത്തിന്റെയോ കുടുംബാംഗത്തിന്റെയോ ശവസംസ്ക്കാര ചെലവുകൾക്കായി 500 രൂപ വരെയും ധനസഹായം നൽകുന്നു. കൂടാതെ ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ സ്ത്രീതൊഴിലാളികൾക്കും ഖാദി തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ സഹായമായി 2000 രൂപ അനുവദിക്കുന്നുണ്ട്.

ഖാദി ബോർഡിന്റെ വില്പന കേന്ദ്രങ്ങൾ

176 [1896] ശ്രീ. ജോർജ്ജ് ജെ. മാത്യു :

ശ്രീ. ടി. വി. ചന്ദ്രമോഹൻ :

ശ്രീ. എം. എ. വാഹിദ് :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഖാദിബോർഡ് കൂടുതൽ വില്പനകേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാമെന്ന് പറയുമോ ;

(സി) നിലവിൽ ഖാദിബോർഡിന് എത്ര വില്പന കേന്ദ്രങ്ങൾ ഉണ്ട് ;

(ഡി) ഇവയുടെ വാർഷിക ടേൺ ഓവർ എത്ര എന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ സ്റ്റേഡിയം കോംപ്ലക്സിലും അടൂരിലെ റവന്യൂ ടവറിലും.

(സി) 241

(ഡി) 2003-2004-ൽ 804.56 ലക്ഷം രൂപയുടെ വില്പന നടന്നു.

സർവ്വോദയ സംഘങ്ങളുടെ ഖാദിത്തുണി

177 [1897] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഖാദി തുണിത്തരങ്ങൾ ഉല്പാദിപ്പിക്കുന്ന എത്ര സർവ്വോദയ സംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സർവ്വോദയ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന തുണിത്തരങ്ങളുടെ മേന്മ പരിശോധിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) മേൽത്തരം തുണികൾ ഉത്പാദിപ്പിക്കുന്ന ഇത്തരം സർവ്വോദയ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly